(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30-6-2013-ന് മുമ്പ് സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ ന്യൂനതകൾ ഉള്ളവ തിരിച്ചുനൽകി പോരായ്മകൾ തീർത്ത് തിരികെ വാങ്ങുന്നതിനായി 2009 സെപ്റ്റംബർ 24, 25, 26, 27, 2009 ഒക്ടോബർ 3, 4, 5 തീയതികളിൽ 125 ന്യൂനത പരിഹാര കേന്ദ്രങ്ങളിൽ 594 യൂണിറ്റുകളിലായി വിവിധ ജില്ലകളിൽ ന്യൂനത പരിഹാര സെല്ലുകൾ സംഘടിപ്പിച്ച് ന്യൂനതകൾ പരിഹരിക്കുകയുണ്ടായി.

G.O(Ms) No. 78/09/F&PD dated 15-12-2009 പ്രകാരം മത്സ്യഫെഡ് വഴി വിതരണം ചെയ്ത 48355 പേരുടെ NCDC വായ്പകളും G.O(Ms) No. 9/10/F&PD dated 24-2-2010 പ്രകാരം 9891 പേരുടെ ഹഡ്കോ വായ്പകളും പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് എഴുതിത്തള്ളി. ഇതിനായി യഥാക്രമം 13.15 കോടി രൂപയും 5.913 കോടി രൂപയും അനുവദിച്ചു. കൂടാതെ GO(P) No.91/10/F&PD dated 6-12-2010 പ്രകാരം മത്സ്യഫെഡ് വഴി വിതരണം ചെയ്ത NMDFC, NBCFDC മത്സ്യഫെഡിന്റെ തനതുഫണ്ട് എന്നീ ഇനം വായ്പകളെടുത്ത 10094 പേരുടെ വായ്പകളും സഹകരണ ബാങ്കുകൾ/സ്ഥാപനങ്ങൾ മുഖേന വായ്പ എടുത്ത 50,000-ത്തോളം പേരുടെ വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിനായി 253.55 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട കടാശ്വാസം നൽകുന്നതിന് 127.99 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യഫെഡ് വഴി എടുത്തിട്ടുള്ള NMDFC, NBCFDC വായ്പകൾ എഴുതിത്തള്ളുന്നതിനായി 12.99 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മത്സ്യമാർക്കറ്റിന്റെ ആധുനികവൽക്കരണം

155 (1896) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള 7245/സി2/2015 ഫിഷറീസ് നമ്പർ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ?

1436/2018.

LIBRARY ARCHIVES Kérala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ കറുപ്പന്തറ ടൗണിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പുരാതനമായ മത്സ്യ മാർക്കറ്റാണ് മാഞ്ഞൂർ മത്സ്യമാർക്കറ്റ്. 1999-2000 കാലഘട്ടത്തിൽ ഫിഷ് മാർക്കറ്റ് നവീകരണത്തിന് വേണ്ടി വകപ്പിൽ നിന്നും 4 ലക്ഷം രൂപ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല എന്ന പോരായ്മ നിലവിലുണ്ട്. ടി മാർക്കറ്റ് നിർമ്മാണം സംബന്ധിച്ച് വ്യക്തമായ ശിപാർശയും എസ്റ്റിമേറ്റും സമർപ്പിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 14-9-2012-ൽ എൻ.എഫ്.ഡി.ബി. അനുമതി ലഭിച്ച ടി പ്രോജക്ടിന് ഇനിയും വാലിഡിറ്റി ഉണ്ടോ എന്നുള്ള വിവരം എൻ.എഫ്.ഡി.ബി. യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഫിഷറീസ് ഡയറക്ടർ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ടി ഫയലിൽ നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വ്യോമയാന സ്ഥാപനങ്ങളുടെ സുരക്ഷ

156 (1897) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയർപോർട്ടുകളുടെയും, ആകാശ പരിധിയുടെയും സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ;

(ബി) പത്താൻകോട്ട് വ്യോമതാവള ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനാതിർത്തിക്കുള്ളിലെ വ്യോമയാന സ്ഥാപനങ്ങളുടെ സുരക്ഷയും വ്യോമയാന നിയമങ്ങളുടെ കർശന നടപ്പാക്കലും ഉറപ്പുവരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?